5. പാലോട് ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, 60 കൊല്ലത്തോളം പഴക്ക മുള്ളതാണ് പാലോട് ഗവൺമെന്റ് ആശുപത്രി. ഇന്ന് ഇവിടെ ആവശ്യത്തിന് മരുന്നില്ല, ഡോക്ടർമാർ ഇല്ല, മറ്റ് സ്റ്റാഫില്ല, ഉപകരണങ്ങളൊന്നുംതന്നെയില്ല. ജീർണ്ണിച്ച് പഴകിയ കെട്ടിടമാണ്. മഴയത്ത് ചോർന്നൊലിക്കുന്നു. രോഗികൾ നനയുന്നു. 60 വർഷക്കാലമാ യിട്ട് ഇതുവരെ ഇവിടെ മെയിന്റനൻസ് നടത്തിയിട്ടില്ല. നാല് കൊല്ലമായി ശ്രീ. വക്കം പുരുഷോത്തമൻ ഇട്ട ഒരു കല്ല് അവിടെ കിടക്കുകയാണ്. പുതിയ കെട്ടി ടത്തിനുവേണ്ടിയിട്ടതായിരുന്നു. അവിടെ മൂന്നു ഡോക്ടർമാരും ആറ് എ. എൻ. എം., രണ്ട് നേഴ്സ് എന്നിങ്ങനെ 25 സ്റ്റാഫ് ഉണ്ടായിരുന്നു. ഇപ്പോൾ ഒരു ഡോക്ടറായി. രണ്ട് എ. എൻ. എം. ആയി, അതുപോലെതന്നെ എല്ലാം ആ രീതിയിൽ കുറഞ്ഞിരി ക്കുകയാണ്. അവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ ഇടമില്ല, അവിടെ കട്ടിലില്ല. ചോരുന്ന കെട്ടിടം. അവിടെ ആഹാരം കൊടുക്കാനുള്ള ഏർപ്പാടില്ല. ഇത് ആശുപ ത്രിയാണോ ഡിസ്പെൻസറിയാണോ അതോ പ്രൈമറി ഹെൽത്ത് സെന്ററാണോ എന്ന റിയില്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയണം. അവിടെ ഗൈനക്കോളജിക്ക് ഒരു ലേഡീഡോക്ടർ ഉണ്ടായിരുന്നു. ആ ഡോക്ടർ ഇന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഒരു ലേഡീഡോക്ടർ ഉൾപ്പെടെ മൂന്ന് ഡോക്ടർമാർ മറ്റ് സ്റ്റാഫുകൾ മരുന്ന് അതുപോലെ മറ്റ് ഉപകരണങ്ങൾ ഇവയെല്ലാം അടിയന്തിരമായി ഉണ്ടാകാനുള്ള നടപടികൾ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അവിടെ എന്തൊക്കെയാണ് ഉണ്ടായിരു ന്നത് എന്നുള്ള കാര്യം എനിക്ക് പറയാൻ സാധിക്കുകയില്ല. പക്ഷേ ആ ആശുപത്രി യിൽ 25 കിടക്കകൾ ആണ് സാങ്ഷൻ ചെയ്തിട്ടുള്ളത്. ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഇത്രയും തസ്തികകളാണ് അവിടെ നിലവിലുള്ളത്. ആ തസ്തികകളിലൊക്കെ ആളുകളുണ്ട്. പക്ഷേ അവിടെ കൂടുതൽ ആളുകൾ ഉണ്ടായിരുന്നോ എന്ന് എനിക്ക് നിശ്ചയമില്ല. രേഖാപ്രകാരം സാങ്ഷൻഡ് സ്ട്രെങ്ത്ത് എന്നു പറഞ്ഞ് ഒരു ലേഡി ഡോക്ടർ അവിടെ ഉണ്ട്. അതുപോലെതന്നെ രണ്ട് നേഴ്സും രണ്ട് പബ്ലിക് ഹെൽത്ത് നേഴ്സുമാരും ഇപ്പോൾ അവിടെയുണ്ട്. മരുന്ന് എല്ലാ ആശുപത്രികളിലും കൊടുക്കുന്നതുപോലെ ഇവിടെയും കൊടുക്കുന്നു. മാത്രമല്ല മരുന്ന് ഇല്ലാതെ വന്നാൽ ലോക്കൽ പർച്ചേസിനുവേണ്ടി പ്രത്യേക സാങ്ഷൻ കൊടുത്തിട്ടുണ്ട്. ഇനി കൂടുതൽ എന്തെങ്കിലും ചെയ്യാൻ സാധി ക്കുമോ എന്നുള്ളത് ഞാൻ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly